# ഒരു പ്രബോധന യാത്ര

ടി.കെ. മുഹമ്മദ്

വളാഞ്ചേരിയിൽ ജമാഅത്തെ ഇസ്‌ലാമി രൂപം പ്രാപിച്ച ഉടനെ, പഴയ തിരുകൊച്ചി പ്രദേശത്തേക്കുള്ള പ്രവർത്തകനായി മർഹൂം താജുദ്ദീൻ സാഹിബ് നിയോഗിക്കപ്പെട്ടു. ജനാബ് അബ്ദുൽ ജബ്ബാർ മൗലവി, മർഹൂം എസ്.വി. മുഹമ്മദ് കുട്ടി തുടങ്ങിയ ഏതാനും വ്യക്തികൾ താജുദ്ദീൻ സാഹിബ് മുഖേന ജമാഅത്തുമായി ബന്ധപ്പെട്ടിരുന്നു. 1949 മധ്യവേനൽക്കാലത്ത് ജനാബ് ടി.ഒ. ബാവാസാഹിബിന്റെ ആവശ്യപ്രകാരം ഒരു പ്രസംഗകനെ തേടി ഞങ്ങളിൽ ചിലർ ചേക്കുഞ്ഞി ഹാജിക്കുള്ള കത്തുമായി കൊച്ചിയിലെത്തി. ഹാജിക്ക് മറ്റ് പരിപാടിയുണ്ട്, മറ്റാരെയും പകരം അയക്കാനില്ല. കൊച്ചി, പുതിയപള്ളിയുടെ കിഴക്കെ തിണ്ണയിൽ ഇരിക്കുന്ന ഒരു മനുഷ്യനെ ചൂണ്ടി ഹാജി പറഞ്ഞു: "ഏതാനും ദിവസമായി അദ്ദേഹത്തെ ഇവിടെ കാണുന്നു. അദ്ദേഹം ഒരു പുരോഗമനാശയക്കാരനും പണ്ഡിതനുമാണെന്ന് തോന്നുന്നു. അദ്ദേഹത്തെ വിളിച്ച് നോക്ക്". നീളൻ താടിയും തടിച്ച് വെളുത്ത ശരീരവും. ഞങ്ങൾ അടുത്ത് ചെന്ന് സലാം ചൊല്ലി. ഉറക്കത്തിൽ നിന്ന് ഉണർന്നപോലെ താജുദ്ദീൻ സാഹിബ് ഞങ്ങളെ നോക്കി സലാം മടക്കി. വന്ന കാര്യമുണർത്തി. യാതൊരു മടിയും കൂടാതെ ഞങ്ങളോടൊപ്പം താജുദ്ദീൻ സാഹിബ് ആലുവായിലേക്ക് പുറപ്പെട്ടു. പ്രസംഗപീഠത്തിൽ കയറി പ്രസംഗം തുടങ്ങി. ഞങ്ങൾക്കും മറ്റ് ശ്രോതാക്കൾക്കും എന്താണ് ഈ പ്രസംഗത്തിന്റെ പൊരുൾ എന്ന് മനസ്സിലായില്ല. പിന്നീട് കുറേനാൾ കഴിഞ്ഞ് 'ഇസ്‌ലാംമതം' എന്ന പുസ്തകം വായിച്ചപ്പോഴാണ് താജുദ്ദീൻ സാഹിബിന്റെ പ്രസംഗത്തിന്റെ പൊരുൾ മനസ്സിലായത്. അദ്ദേഹം ഒരു പ്രസംഗകനായിരുന്നില്ല. പിന്നെന്തിനാണ് ആലുവായിൽ പ്രസംഗിക്കാൻ വന്നത്. ഏത് വിധേനയെങ്കിലും ആ ചെറുപ്പക്കാരുമായി ബന്ധപ്പെടണം-അതായിരുന്നു ലക്ഷ്യം.

പ്രസംഗം കഴിഞ്ഞ് ടി.ഒ. ബാവസാഹിബ് ഭക്ഷണം കഴിക്കാനായി താജുദ്ധീൻ സാഹിബിനെ ക്ഷണിച്ചു. ഒഴിവുകഴിവുകൾ പറഞ്ഞ് ക്ഷണം സ്വീകരിക്കാതെ ഞങ്ങളുടെ കൂടെ തായ്ക്കാട്ടുകരയിലേക്കു പോന്നു. കെ.ബി.യുടെ വസതിയിലാണ് എത്തിച്ചേർന്നത്. സമയം രാത്രി രണ്ട് മണി. ഞങ്ങളെ മുമ്പിലിരുത്തി ജമാഅത്തെ ഇസ്‌ലാമിയേയും മൗലാനാ മൗദൂദിയേയും കേരളത്തിലെ അമീറിനെയും പരിചയപ്പെടുത്തിക്കൊണ്ട് താജുദ്ധീൻ സാഹിബ് സ്റ്റഡീക്ലാസ് എടുത്തു. ജമാഅത്ത് 'പ്രബോധനം' എന്ന പേരിൽ ഒരു പത്രം പുറത്തിറക്കുന്നുണ്ടെന്നും അതുമായി ജമാഅത്ത് അമീർ തന്നെ വരുമെന്നും അറിയിച്ചു. ഇതിനകം കൊച്ചിയിൽ ജബ്ബാർ മൗലവിയെയും എസ്.വി.യെയും ഞങ്ങൾക്ക് പരിചയപ്പെടുത്തിത്തരുവാൻ മറന്നില്ല.

ആലുവായിലും കൊച്ചിയിലും ജമാഅത്ത് പ്രവർത്തനങ്ങൾ എളിയ തോതിൽ ആരംഭിച്ചിരുന്നു. പ്രബോധനവുമായി 1949 അവസാനം ഹാജിസാഹിബും ഇസ്ഹാഖലി മൗലവിയും ആലുവായിലെത്തി. മുൻകൂട്ടി അറിവ് കിട്ടിയതു പ്രകാരം 'ആലുവാ ഇസ്‌ലാമിയ മദ്രസ'യിൽ ഒരു യോഗത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഈ യോഗത്തിൽ ജനാബ് ടി.ഒ. ബാവസാഹിബും സന്നിഹിതനായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ഹാജി സാഹിബിന്റെ സ്റ്റഡി ക്ലാസിന് ശേഷം ഞങ്ങളുടെ നിർബന്ധപ്രകാരം എന്ന് പറയട്ടെ, ജമാഅത്തെ ഇസ്‌ലാമിയുടെ വ്യവസ്ഥക്ക് വിധേയമായി ഒരു ഹംദർദ് ഹൽഖ ആലുവാ കേന്ദ്രമായി രൂപംകൊണ്ടു. ഇതേ കാലയളവിൽ കൊച്ചിയിലും ഒരു ഹംദർദ് ഹൽഖ രൂപംകൊണ്ടു. തുടർന്ന് കൊച്ചി ആലുവ ഹൽഖകളുടെ സംയുക്ത വാരാന്തയോഗം കൊച്ചിയിലും തായ്ക്കാട്ടുകരയിലുമായി മാറിമാറി നടന്നുകൊണ്ടിരുന്നു. താജുദ്ദീൻ സാഹിബ് കൊച്ചിയിൽ ഒരു ഹോട്ടൽ സ്ഥാപിച്ചു. ജമാഅത്ത് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയായിരുന്നു ഇതിന്റെ പിന്നിലെയും ലക്ഷ്യം. പരിസര പ്രദേശങ്ങളായ പള്ളിക്കര, വടക്കേക്കര എന്നിവിടങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. പള്ളുരുത്തി അഹമ്മദ്കുട്ടി ഹാജി ജമാഅത്തുമായി ബന്ധപ്പെട്ടതോടെ പള്ളുരുത്തിയിലും പ്രവർത്തനം ആരംഭിച്ചു.

ജനാബ് ടി. മുഹമ്മദ് സാഹിബിനെയും പിന്നീട് ജനാബ് മുഹമ്മദ് അബ്ദുൽ ജലാൽ മൗലവിയെയും ഈ പ്രദേശത്തെ ഫുൾടൈം പ്രവർത്തകരായി നിയോഗിച്ചിരുന്നു. 1952 മധ്യത്തിൽ ആലപ്പുഴവഴി തിരുവനന്തപുരം വരെയും കോട്ടയം കൊട്ടാരക്കര വഴി കൊല്ലംവരെയും ഈയുള്ളവർ ഒരു സാഹിത്യ പ്രചരണപര്യടനം നടത്തി. കൊല്ലം ടൗണിലെത്തിയപ്പോൾ ചിന്നക്കടയിൽ നേരത്തെ ഒരു 'ജമാഅത്തെ ഇസ്‌ലാമി' രൂപീകരിച്ചിരുന്നതായി അറിയാൻ കഴിഞ്ഞു. ലാഹോറിൽ ജമാഅത്തെ ഇസ്‌ലാമി നിലവിൽ വന്നത് എങ്ങനെയോ അറിഞ്ഞതിനാലാണത്രേ, ആദർശമോ ലക്ഷ്യമോ അറിയാതെ പേരിൽ മാത്രം ആകൃഷ്ടരായി ഇങ്ങനെയൊരു ജമാഅത്തെ ഇസ്‌ലാമി അവർ രൂപീകരിച്ചത്. സാക്ഷാൽ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രവർത്തകർ അവിടെ എത്തുമ്പോഴേക്കും ആ ജമാഅത്തെ ഇസ്‌ലാമി അവിടെ അസ്തമിച്ചിരുന്നു. എന്നിരുന്നാലും ഏ.കെ.എസ്. ബുഖാരി, ഏ.കെ. അബ്ദുൽ ഖാദർ എന്നിവരുമായി ബന്ധപ്പെടാൻ എളുപ്പത്തിൽ കഴിഞ്ഞിരുന്നു.

ആ കാലഘട്ടത്തിൽ തെക്കൻ പ്രദേശങ്ങളിൽ ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് കൂടുതൽ ആരും അറിഞ്ഞിരുന്നില്ല. എന്നാൽ മൗദൂദി സാഹിബിനെ പരക്കെ അറിയാമായിരുന്നു. മുസ്‌ലിയാക്കന്മാരുടെ പ്രസംഗങ്ങളിലൂടെയാണ് ജനങ്ങൾ മൗദൂദിയെ പരിചയപ്പെട്ടിരുന്നത്. 'ലാഹോറിലെ ദജ്ജാല്', 'പുത്തൻ നബി' തുടങ്ങിയ എല്ലാ മോശമായ പേരുകളും അദ്ദേഹത്തിന്റെ നാമത്തോട് തുന്നിച്ചേർത്താണ് മൗദൂദിയെ പരിചയപ്പെടുത്തിക്കൊണ്ടിരുന്നത്. ഇക്കാരണത്താൽ മൗദൂദിയുടെ ഖുതുബാത്, ഇസ്‌ലാം മതം, രക്ഷാസരണി എന്നിവ പുറത്തെടുക്കാൻ ഏറെ പ്രയാസപ്പെടേണ്ടി വന്നിട്ടുണ്ട്. നീർക്കുന്നത്ത് ഒരു 'അൽഅഹ്റാർ' ലൈബ്രറി ഉണ്ടെന്നറിഞ്ഞ് അവിടെ എത്തി. ലൈബ്രറി പൂട്ടിയിരിക്കുകയാണ്. മണിക്കൂറുകൾ കാത്തിരുന്ന് ഒരു ഖുതുബാത് എടുപ്പിച്ചത് ഇന്നും മറക്കാനാവാത്ത സംഭവമായി സ്മരണയിൽ തെളിഞ്ഞുനിൽക്കുന്നു.

മൗദൂദി സാഹിബിന്റെ സാഹിത്യങ്ങൾ

ഉത്തരേന്ത്യയിൽ നിന്നും വായിച്ച് പരിചയപ്പെട്ടിരുന്ന ശൈഖ് മദനി എന്ന് പേരായ ഒരു വ്യക്തി മൗദൂദി സാഹിത്യങ്ങളുടെ പകർപ്പുകൊണ്ട് തിരുവിതാംകൂർ മേഖലയിൽ പ്രസംഗപരമ്പരകൾ പൊടിപാറ്റുന്ന കാലമാണത്. ആലപ്പുഴയിൽ മദനി പ്രസംഗിക്കുന്ന ഘട്ടത്തിലാണ് ഈയുള്ളവൻ അവിടെയെത്തുന്നത്. ആലപ്പുഴ 'അൽമദ്രസത്തുൽ മുഹമ്മദിയ്യാ'യിലെ ഉസ്താദുമാരായ വി.കെ. മൗലവിയും ത്വയ്യിബ് സാറുമായും ബന്ധപ്പെട്ടു. അവരുടെ ഉപദേശപ്രകാരം മദനിയെ ചെന്ന് കണ്ടു. മൗദൂദി സാഹിബിന്റെ മലയാളസാഹിത്യം കണ്ടമാത്രയിൽ ഓരോ കോപ്പികൾ വാങ്ങുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ആലപ്പുഴയിലെ പ്രസംഗം അവസാനിക്കുകയാണ്, അടുത്ത് തന്നെ കോട്ടയത്ത് പ്രസംഗമുണ്ട്, അവിടെ എത്തിയാൽ പുസ്തകങ്ങൾ വിറ്റ് തരാമെന്ന് മദനി വാക്ക് തന്നു. തിരുവനന്തപുരത്ത്നിന്ന് കോട്ടയത്തെത്തി. നേരത്തെ പേരുകൊണ്ട് അറിയുമായിരുന്ന കെ.എ.കെ. മേത്തരുടെ കുമ്മനത്തുള്ള വീട്ടിൽ എത്തി. കോട്ടയം തിരുനക്കര മൈതാനിയിലെ പ്രസംഗപരമ്പരയുടെ കൺവീനറാണദ്ദേഹം. ആലപ്പുഴയിൽവെച്ച് മദനിയുമായി ബന്ധപ്പെട്ടതും കോട്ടയത്ത് വരാൻ അദ്ദേഹം പ്രേരിപ്പിച്ചതും മേത്തരെ തെര്യപ്പെടുത്തി. പ്രസംഗത്തിന് മുമ്പ് അദ്ദേഹത്തെ കാണാൻ സൗകര്യം ചെയ്ത് തരണമെന്ന് മേത്തരോട് ആവശ്യപ്പെട്ടു. മുൻകൂട്ടി കാണാൻ സൗകര്യമുണ്ടാവുകയില്ലെന്നും സ്റ്റേജിൽ വെച്ച് കാണാൻ സൗകര്യം ചെയ്യാമെന്നും മേത്തർ ഉറപ്പ് നൽകി. പ്രസംഗത്തിന് മുമ്പ് തിരുനക്കര വെച്ച് ഏതാനും ചിലരെ സാഹിത്യങ്ങൾ കാണിച്ചു. അതോടെ മൗദൂദി ഇറങ്ങിയിട്ടുണ്ടെന്നും സൂക്ഷിക്കണമെന്നും പരക്കെ സംസാരം. സാഹിത്യ പ്രചാരകൻ സ്റ്റേജിന്റെ താഴെ മദനിയെകാത്ത് നിൽക്കുകയാണ്. തിരുനക്കരമൈതാനം നിറയെയുള്ള പന്തൽ 'മനുഷ്യമഹാസമുദ്രം' പന്തലിന് നടുവിലൂടെ അനേകരുടെ അകമ്പടിയോടെ സ്റ്റേജിലേക്ക് വരുന്ന മദനി ആശങ്കയോടെ 'മൗദൂദി'യെ പരതുന്നത് പോലെ തോന്നി. സ്റ്റേജിന്റെ പിന്നിൽ 'മൗദൂദി'യെ കണ്ടെത്തി. കാര്യം വഷളായിട്ടുണ്ടെന്നും വേഗം സ്ഥലം വിട്ടുകൊള്ളമമെന്നും മദനി ചെവിയിൽ മന്ത്രിച്ചു. അങ്ങനെ സാഹിത്യം നിറച്ച പാട്ടപ്പെട്ടിയുമായി 'മൗദൂദി' പതുക്കെ രക്ഷപ്പെട്ടു.